പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 586
11.12.2012 -ലെ മറുപടിയ്ക്ക്

<u>ചീരക്കുഴി തടയണ നിർമ്മാണത്തിനാവശ്യമായ ഫണ്ട്</u>

ചോദ്യം
ശ്രീ.. കെ. രാധാകൃഷ്ണൻ

ഉത്തരം
ശ്രീ. കെ.എം.മാണി
( ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി)

| | | |
|---|---|---|
| ( എ ) | ചേലക്കര മണ്ഡലത്തിൽ ചീരക്കുഴി തടയണ നിർമ്മാണത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച നിവേദനവും ജലവിഭവ വകുപ്പിന്റെ ഫയലും ധനകാര്യ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; | ഇതു സംബന്ധിച്ച ജലവിഭവ വകുപ്പിന്റെ ഫയലും ബഹുമാനപ്പെട്ട എം.എൽ.എയുടെ നിവേദനവും ഈ വകുപ്പിന് ലഭിച്ചിട്ടുണ്ട്. |
| ( ബി ) | എങ്കിൽ ഇതിന്മേൽ സ്വീകരിച്ചനടപടികൾ വിശദമാക്കാമോ; | ചീരക്കുഴി തടയണ നിർമ്മാണത്തിനാവശ്യമായ ഫണ്ട് 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആവശ്യമായ ഫണ്ട് വകകൊള്ളിച്ചതിനുശേഷം ഈ പ്രൊപ്പോസലിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളാവുന്നതാണെന്ന് ജലവിഭവ വകുപ്പിനെ അറിയിച്ചിരുന്നു. പിന്നീട് ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്താനാകുമെങ്കിൽ അതിലേക്കായി പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് ഭരണ വകുപ്പു വഴി ഈ വകുപ്പിന് നൽകേണ്ടതാണ് എന്ന വിവരം 27.09.2012 ലെ 55975/ എൻ.സി.ബി3/12/ധന നമ്പർ കത്ത് പ്രകാരം ബഹുമാനപ്പെട്ട എം.എൽ.എ യെ അറിയിച്ചിട്ടുണ്ട്. (കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു) |
| (സി) | ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഈ സാമ്പത്തിക വർഷം തന്നെ ഫണ്ട് അനുവദിച്ച് ഭരണാനുമതി ലഭ്യമാക്കുമോ ; | ഭരണ വകുപ്പിൽ നിന്നും പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് സഹിതം നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

നം. 55975/എൻ.സി.ബി 3/12/ധന

ധനകാര്യ(എൻ.സി–ബി) വകുപ്പ്
തിരുവനന്തപുരം
തീയതി: 27.09.2012

പ്രേഷിതൻ
ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി

സ്വീകർത്താവ്
ശ്രീ കെ. രാധാകൃഷ്ണൻ എം.എൽ.എ
റൂം നം. 603, ചന്ദ്രഗിരി ബ്ളോക്ക്,
എം.എൽ.എ. ഹോസ്റ്റൽ, തിരുവനന്തപുരം.

സർ,

വിഷയം : ചേലക്കര നിയോജക മണ്ഡലത്തിലെ ചീരക്കുഴി തടയണ നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന: 1. താങ്കളുടെ 14.06.2012 ലെ കത്ത്
2. ഈ വകുപ്പിന്റെ 11.06.2012 ലെ (പി) 332/2012/ധന, 12.06.2012 ലെ (പി) 337/2012/ധന, 26.07.2012 ലെ (പി) 419/12/ധന എന്നീ ഉത്തരവുകൾ ( പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു)

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. താങ്കളുടെ മണ്ഡലത്തിലെ ചീരക്കുഴി തടയണ നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് 2012–13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ, പ്രസ്തുത പ്രവൃത്തി നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. അതിനായി പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് ഭരണ വകുപ്പുവഴി അംഗീകാരത്തിനായി ഈ വകുപ്പിന് നൽകേണ്ടതാണ് എന്ന് അറിയിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ

Sd/-
**എൽ.എസ്. പത്മകുമാർ**
അഡീഷണൽ സെക്രട്ടറി
ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി